"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഉപഭോക്തൃകാര്യ വകുപ്പ്- ഉപഭോക്തൃ ശാക്തീകരണത്തിനായി 1995 മുതൽ വിവിധ ഘട്ടങ്ങളിൽ ആകെ അനുവദിച്ചിട്ടുള്ള 1051. 12 ലക്ഷം രൂപയിൽ ചിലവഴിച്ച 1001.07856 ലക്ഷം രൂപയിൽ അവശേഷിക്കുന്ന തുകയായ 50,04,144/- രൂപ സെൻട്രൽ നോഡൽ അക്കൗണ്ടിലേക്ക് തിരികെ അടവാക്കുന്നതിന് അനുമതി നൽകി- ഉത്തരവ് - പുറപ്പെടുവിക്കുന്നു.

---

**ഉപഭോക്തൃകാര്യ വകുപ്പ്**

G.O.(Rt)No.29/2024/CAD തീയതി,തിരുവനന്തപുരം, 23-08-2024

---

പരാമർശം:-

1. കേന്ദ്ര സർക്കാരിന്റെ 12/06/2023 ലെ ജെ -4/ 4/ 2022 - സി. പി. യു (ഇ - 28830) നമ്പർ കത്ത്
2. പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണറുടെ 13/09/ 2023, 31/05/2024 തീയതികളിലെ സി.സി.എസ് /122/2022 - സി.എ 3 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

ഉപഭോക്തൃ ശാക്തീകരണത്തിനായി 1995 മുതൽ വിവിധ ഘട്ടങ്ങളിൽ ആകെ അനുവദിച്ചിട്ടുള്ള 10,51,12,000/- രൂപയിൽ 10,01,07,856/- രൂപ ചെലവഴിക്കുകയും, ബാക്കി തുകയായ 50,04,144 രൂപ പരാമർശം (1) പ്രകാരം കൊടക് മഹീന്ദ്ര ബാങ്കിന്റെ ഡൽഹി ബ്രാഞ്ചിലെ, 93880777786 നം. സെൻട്രൽ നോഡൽ അക്കൗണ്ടിലേക്ക് അടവാക്കുന്നതിനുള്ള അനുമതിയോടെ 2408-01-800-88-PV ശീർഷകത്തിൽ അധിക ധനാനുമതിയായി വകയിരുത്തി നൽകണമെന്നും തുകയുടെ ആധികാരികത ഉറപ്പ വരുത്തിയിട്ടുണ്ടെന്നും പരാമർശം (2) പ്രകാരം പൊതുവിതരണ ഉപഭോക്തൃ കാര്യ കമ്മീഷണർ അപേക്ഷിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഉപഭോക്തൃ ശാക്തീകരണത്തിനായി 1995 മുതൽ വിവിധ ഘട്ടങ്ങളിൽ ആകെ അനുവദിച്ചിട്ടുള്ള 1051.12 ലക്ഷം രൂപയിൽ ചിലവഴിച്ച 1001.07856 ലക്ഷം രൂപയിൽ അവശേഷിക്കുന്ന തുകയായ 50,04,144/- രൂപ കൊടക് മഹീന്ദ്ര ബാങ്കിന്റെ ഡൽഹി

ബ്രാഞ്ചിലെ 93880777786 നം. സെൻട്രൽ നോഡൽ അക്കൗണ്ടിലേക്ക് അടവാക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

4) 2408-01-800-88-PV ശീർഷകത്തിൽ അധിക ധനാനുമതി നൽകുന്നതിനുള്ള ശുപാർശ സമയബന്ധിതമായി പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

Ajit Kumar I A S

SECRETARY

പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ, തിരുവനന്തപുരം.

സെക്രട്ടറി & രജിസ്ട്രാർ, സംസ്ഥാന ഉപഭോക്തൃതർക്ക പരിഹാര കമ്മീഷൻ,
തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ വിങ്, ഐ&പി.ആർ.ഡി.

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ